REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 05-09-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ്ങുമായി ഉഭയകക്ഷി ചർച്ച നടത്തും.**
- **ഇന്ന് ദേശീയ അധ്യാപക ദിനം. ദേശീയ അധ്യാപക പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിക്കും.**
- **സപ്ലൈകോ ഓണം ഫെയറുകൾ മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **കേരള ലോജിസ്റ്റിക്സ് പാർക്ക് നയത്തിന് മന്ത്രിസഭ അംഗീകാരം നൽകി.**
- **പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യയ്ക്ക് ഇന്നലെ രണ്ടു സ്വർണ്ണം അടക്കം നാല് മെഡലുകൾ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോംഗുമായി ഉഭയകക്ഷി ചർച്ച നടത്തും. ഇന്ത്യ - സിംഗപ്പൂർ തന്ത്രപര പങ്കാളിത്തത്തിലെ പുരോഗതി വിലയിരുത്തുന്ന അവർ ആഗോള-പ്രാദേശിക വിഷയങ്ങളിലും കാഴ്ചപ്പാടുകൾ പങ്കുവെക്കും.

ബ്രൂണെ സന്ദർശനം പൂർത്തിയാക്കിയ ശേഷം ഇന്നലെ സിംഗപ്പൂരിലെത്തിയ നരേന്ദ്രമോദിക്ക് ആചാരപരമായ വരവേല്പ് ഒരുക്കിയിരുന്നു. വൈകിട്ട് സിംഗപ്പൂർ പ്രധാനമന്ത്രി അദ്ദേഹത്തിന് സ്വകാര്യ വിരുന്ന് നൽകി. വോംഗുമായി നിരവധി വിഷയങ്ങൾ ചർച്ച ചെയ്തതായി പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

സിംഗപ്പൂർ പ്രസിഡണ്ടടക്കം പ്രമുഖരുമായും പ്രധാനമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തും. സിംഗപ്പൂർ കമ്പനികളുടെ മേധാവികളെയും അദ്ദേഹം ഉച്ചകഴിഞ്ഞ് കാണും. ഇന്ത്യയുമായി വ്യാപാരബന്ധം പുലർത്തുന്ന രാജ്യങ്ങളിൽ ആറാം സ്ഥാനമാണ് സിംഗപ്പൂരിന്.

✪✪✪

ഇന്ന് ദേശീയ അധ്യാപക ദിനം. പണ്ഡിതനും തത്വചിന്തകനും ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതിയുമായ ഡോ. S. രാധാകൃഷ്ണന്റെ ജന്മദിനമാണ് 1961 മുതൽ അദ്ധ്യാപകദിനമായി ആഘോഷിക്കുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

**.....വോയ്സ്....**

അധ്യാപകരുടെ സമർപ്പണത്തെയും സംഭാവനയെയും ആദരിക്കാനും, അവരുടെ കഴിവുകൾ വിദ്യാർഥികളുടെ ഉന്നമനത്തിന് പൂർണമായി ഉപയോഗിക്കാൻ അനുകൂല സാഹചര്യം ഒരുക്കാനുമാണ് ദിനാഘോഷം ലക്ഷ്യമിടുന്നത്. “സുസ്ഥിരമായ ഭാവിക്കായി അധ്യാപകരെ ശാക്തീകരിക്കുന്നു” എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ഈ വർഷത്തെ ദേശീയ അധ്യാപക പുരസ്ക്കാരങ്ങൾ ന്യൂഡൽഹ വിജ്ഞാൻ ഭവനിൽ വൈകിട്ട് രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. 82 അധ്യാപകരാണ് പുരസ്കാരത്തിന് അർഹരായത്. വിദ്യാഭ്യാസ മേഖലയിൽ മികച്ച സേവനം കാഴ്ചവെച്ച അധ്യാപകരെ ആദരിക്കാനും അവരുടെ അതുല്യ സംഭാവനകൾ ആഘോഷിക്കാനുമാണ് പുരസ്കാരമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു. മെറിറ്റ് സർട്ടിഫിക്കറ്റും 50,000 രൂപയും വെള്ളി മെഡലും അടങ്ങുന്നതാണ് പുരസ്കാരം.

ദേശീയ അധ്യാപക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മന്ത്രി V. ശിവൻകുട്ടി പത്തനംതിട്ടയിൽ നിർവഹിക്കും. രാവിലെ കോഴഞ്ചേരിയിൽ മികച്ച അധ്യാപകർക്ക് മന്ത്രി പുരസ്കാരങ്ങൾ വിതരണം ചെയ്യും.

✪✪✪

ദേശീയ അധ്യാപക ദിനത്തിൽ എല്ലാ അധ്യാപകർക്കും രാഷ്ട്രപതി ദ്രൗപദി മുർമു ആശംസകൾ നേർന്നു. രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്ന നേതാക്കളായി വിദ്യാർത്ഥികളെ വാർത്തെടുക്കാൻ അധ്യാപകർക്ക് കഴിയുമെന്ന് രാഷ്ട്രപതി പറഞ്ഞു. ഭാവി തലമുറയുടെ മനസ്സിനെ പരിപോഷിപ്പിക്കാനും അവരെ സമഗ്ര മികവിലേക്ക് നയിക്കാനും നിർണായക ദൗത്യമാണ് അധ്യാപകരെ ഏൽപ്പിച്ചിരിക്കുന്നതെന്ന് ദ്രൗപദി മുർമു അഭിപ്രായപ്പെട്ടു.

✪✪✪

ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനം ഇന്ന് അധ്യാപകർക്ക് മാത്രമായി തുറന്നുകൊടുക്കും.

അധ്യാപകരുടെ സൗകര്യാർത്ഥം സെൻട്രൽ സെക്രട്ടേറിയറ്റ് മെട്രോ സ്റ്റേഷനിൽ നിന്ന് ഗേറ്റ് നമ്പർ 35 വരെ സൗജന്യ ഷട്ടിൽ  സർവീസ് ഉണ്ടായിരിക്കും.

✪✪✪

ദേശീയ അധ്യാപക ദിനതോടനുബന്ധിച്ച് 'കവി കുംഭ്' എന്ന പേരിൽ രാജ്യത്തെ ഏറ്റവും വലിയ കാവ്യോത്സവം ഇന്ന് ഉത്തർപ്രദേശിലെ ലക്നൗവിൽ നടത്തും. രാജ്യത്തെ  340 ഓളം പ്രമുഖ കവികൾ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

സപ്ലൈകോ ഓണം ഫെയറുകൾ മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. മന്ത്രി V ശിവൻകുട്ടി ആദ്യവിൽപ്പന നടത്തും. നാളെ മുതൽ ജില്ലാ തലത്തിലും, പത്താം തിയതി മുതൽ നിയോജക മണ്ഡലതലത്തിലും സപ്ലൈകോ ഫെയറുകൾ തുടങ്ങും. ഈമാസം 14 വരെയാണ് മേള.

13 ഇനം സബ്സിഡി സാധനങ്ങൾക്ക് പുറമെ വിവിധ ഉത്പന്നങ്ങൾ 10 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ ഓണം ഫെയറുകളിലൂടെ ലഭിക്കും.

കൺസ്യൂമർ ഫെഡ് ഓണം വിപണികൾ നാളെ മുഖ്യമന്ത്രി  ഉദ്ഘാടനം ചെയ്യും. മഞ്ഞ റേഷൻകാർഡ് ഉടമകൾക്ക് ഓണക്കിറ്റ് വിതരണം  ഈ മാസം 9 ന് ആരംഭിക്കും.

✪✪✪

ക്ഷയരോഗത്തിനെതിരായ കേരളത്തിന്റെ പ്രവർത്തങ്ങളും മുന്നേറ്റങ്ങളും ഉൾപ്പെടുത്തിയ രേഖ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് പ്രകാശനം ചെയ്യും. ക്ഷയരോഗ നിവാരണ നയരേഖ പുറത്തിറക്കുന്നതിന് മുന്നോടിയായി ലഘുലേഖയും മുഖ്യമന്ത്രി ചടങ്ങിൽ പുറത്തിറക്കും. 2025 ഓടെ സംസ്ഥാനത്തെ ക്ഷയ രോഗമുക്തമാക്കുക ലക്ഷ്യമിട്ടാണ് നടപടികൾ. ചടങ്ങിൽ മന്ത്രി വീണാ ജോർജും പങ്കെടുക്കും.

✪✪✪

പാവപ്പെട്ടവർക്കും അനാഥർക്കും രോഗികൾക്കുമിടയിൽ പ്രവർത്തിച്ച പാവങ്ങളുടെ അമ്മ - മദർ തെരേസയുടെ 27-ാം  ചരമവാർഷികദിനമാണ് ഇന്ന്. മിഷനറീസ് ഓഫ് ചാരിറ്റി എന്ന സന്യാസിനീസഭയിലൂടെ നാൽപ്പത്തിയഞ്ച്

വർഷത്തോളം ലോകത്തിലെ ശരണമറ്റവരുടേയും, രോഗികളുടേയും, ആശ്രയകേന്ദ്രമായിരുന്ന മദർ തെരേസ 1997 സെപ്റ്റംബർ 5 ന് കൊൽക്കത്തയിലാണ് അന്തരിച്ചത്.

✪✪✪

കേരള ലോജിസ്റ്റിക്സ് പാർക്ക് നയത്തിന് മന്ത്രിസഭ അംഗീകാരം നൽകി. വ്യവസായ നയത്തിലെ മുൻഗണനാ മേഖലയിൽ 'ലോജിസ്റ്റിക്സ്, പാക്കേജിംഗ്" വിഭാഗങ്ങളെ ഉൾപ്പെടുത്തിയാണ് നയം തയ്യാറാക്കിയത്.

ഡെസ്ക് റിപ്പോർട്ട്.

(..... വോയ്സ്.....)

അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി, മിനി മൾട്ടി മോഡൽ ലോജിസ്റ്റിക്സ് പാർക്കുകൾ സംസ്ഥാനത്ത് തുടങ്ങുമെന്ന പ്രഖ്യാപനത്തിന്റെ തുടർച്ചയാണ് ലോജിസ്റ്റിക്സ് പാർക്ക് നയം. ഇതനനുസരിച്ച് 10 ഏക്കറിൽ വലിയ ലോജിസ്റ്റിക് പാർക്കുകളും 5 ഏക്കറിൽ മിനി ലോജിസ്റ്റിക് പാർക്കുകളും സ്ഥാപിക്കാം.

ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റിയ്ക്കായിരിക്കും. മേഖലയിലെ തീരുമാനങ്ങൾ കൈക്കൊള്ളാൻ അധികാരം. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന ലോജിസ്റ്റിക്സ് സെല്ലും രൂപീകരിക്കും. ലോജിസ്റ്റിക്സ് പാർക്കുകൾക്കും മിനി ലോജിസ്റ്റിക്സ് പാർക്കുകൾക്കുമായി ഏകജാലക ക്ലിയറൻസ് സംവിധാനം രൂപീകരിക്കാനും നയത്തിൽ വ്യവസ്ഥയുണ്ട്.

വലിയ ലോജിസ്റ്റിക്സ് പാർക്കിന് 7 കോടി രൂപവരെയും, മിനി പാർക്കിന് 3 കോടി രൂപവരെയും മൂലധന സബ്സിഡി ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

✪✪✪

പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യ ഇന്നലെ രണ്ടു സ്വർണ്ണം അടക്കം നാല് മെഡലുകൾ നേടി. പാരാലിമ്പിക്സ് സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ അമ്പെയ്ത്ത് താരമായി ഹർവീന്ദർ സിംഗ് ചരിത്രം കുറിച്ചു. പുരുഷന്മാരുടെ വ്യക്തിഗത റീ കർവ് ഓപ്പൺ ഇനത്തിലാണ് ഹർവീന്ദർ നേട്ടം കൈവരിച്ചത്.

പുരുഷന്മാരുടെ ക്ലബ് ത്രോ എഫ് 51 ഫൈനലിൽ ഏഷ്യൻ റെക്കോർഡ് തകർത്ത് ധരംബീർ സ്വർണ്ണം സ്വന്തമാക്കി. ഇതേ ഇനത്തിൽ പ്രണവ് ശൂർമ, വെള്ളി മെഡലും നേടി.

നേരത്തെ പുരുഷന്മാരുടെ ഷോട്ട്പുട്ട് F 46 ഇനത്തിൽ ലോക ചാമ്പ്യൻ സച്ചിൻ സർജെറാവു ഖിലാരി, വെള്ളി നേടിയിരുന്നു.

ഇതോടെ അഞ്ച് സ്വർണ്ണവും ഒൻപത് വെള്ളിയും പത്ത് വെങ്കലവുമടക്കം ഇന്ത്യ ഇതുവരെ 24 മെഡലുകൾ സ്വന്തമാക്കി, പട്ടികയിൽ 13-ാം സ്ഥാനത്തേക്ക് ഉയർന്നു.

✪✪✪

പാരാലിമ്പിക്സിൽ ചരിത്രപരമായ പ്രകടനത്തിലൂടെ സ്വർണം നേടിയ അമ്പെയ്ത്ത് താരം ഹർവീന്ദർ സിംഗിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. പാരാ അമ്പെയ്ത്തിലെ വളരെ സവിശേഷമായ സ്വർണ്ണമാണിതെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്നലെ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസും ഏരീസ് കൊല്ലം സെയിലേഴ്സും ജേതാക്കളായി. ആദ്യമത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ് കൊച്ചി ബ്ലൂ ടൈഗേഴ്സിനെയാണ് തോൽപ്പിച്ചത്.

രണ്ടാം മത്സരത്തിൽ കൊല്ലം ഏരീസ് - തൃശ്ശൂർ ടൈറ്റിൽസിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി.

ഇന്ന് ആദ്യ മത്സരത്തിൽ ഉച്ച കഴിഞ്ഞ് തൃശൂർ ടൈറ്റൻസ് അദാനി ട്രിവാൻഡ്രം റോയൽസിനെ നേരിടും. രണ്ടാം മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സും ആലപ്പി റിപ്പിൾസും ഏറ്റുമുട്ടും.

✪✪✪

ലൈഫ് ഭവന പദ്ധതിയിൽ  ഉൾപ്പെട്ടവരും സ്വന്തമായി വീടില്ലാത്തവരുമായ അതിദരിദ്ര പട്ടികയിൽ പെട്ടവർക്ക് വീട് നിർമാണം പൂർത്തിയാകുന്നത് വരെ വീടോ കെട്ടിടമോ വാടകയ്ക്കെടുത്ത് നൽകാൻ തദ്ദേശസ്ഥാപനങ്ങൾക്ക് ഗവൺമന്റ് അനുമതി നൽകി. പഞ്ചായത്തിൽ 5000 രൂപയും മുനിസിപ്പൽ പ്രദേശങ്ങളിൽ 7000 രൂപയും കോർപ്പേഷൻ മേഖലയിൽ 8000 രൂപയും പരമാവധി വാടക നൽകാമെന്ന് മന്ത്രി MB രാജേഷ് വാർത്താ കുറിപ്പിൽ അറിയിച്ചു.

✪✪✪

മലപ്പുറം ജില്ലാ തദ്ദേശ അദാലത്ത് രാവിലെ മലപ്പുറം മേൽമുറി മഅദിൻ അക്കാദമി ഓഡിറ്റോറിയത്തിൽ ആരംഭിക്കും. മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. അദാലത്തിൽ പരിഗണിക്കുന്നതിനായി 1354 പരാതികൾ

ഓൺലൈനായി ലഭിച്ചിട്ടുണ്ട്. അദാലത്തിൽ മന്ത്രിക്ക് നേരിട്ട് പരാതികൾ നൽകാൻ അവസരമുണ്ട്.

✪✪✪

വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ തെളിവെടുപ്പ് ഇന്ന് രാവിലെ കൊച്ചി കോർപറേഷൻ ടൗൺഹാളിൽ തുടങ്ങും. വൈദ്യുതി നിരക്ക് പരിഷ്കരണത്തിന് സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിച്ച നിർദ്ദേശങ്ങളിൽ പൊതുജനങ്ങളിൽ നിന്ന് അഭിപ്രായം സ്വീകരിക്കാനാണ് തെളിവെടുപ്പ്.

✪✪✪

ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് രാവിലെ ഇടുക്കി ജില്ലാ കളക്ട്രേറ്റ് ഹാളിൽ ആരംഭിക്കും. ജില്ലയിൽ നിന്ന് പുതിയ പരാതികളും സിറ്റിംഗിൽ സ്വീകരിക്കും.

✪✪✪

കൊച്ചിയിൽ അഞ്ചര കിലോ കഞ്ചാവുമായി രണ്ട് ഒഡിഷാ സ്വദേശികളെ എക്സൈസ് പിടികൂടി. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് കതൃക്കടവിൽ വാടകയ്ക്ക് വീടെടുത്ത് താമസിച്ചിരുന്ന ഇവരെ പിടികൂടിയത്.

✪✪✪

BJP മെമ്പർഷിപ്പ് ക്യാംപയിന്റെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം ഇന്ന് മാരാർജി ഭവനിൽ നടത്തും. സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് ഉദ്ഘാടനം ചെയ്യും.

✪✪✪

രാജ്യത്ത് ആരോഗ്യ പ്രവർത്തകർക്ക് നിർഭയമായി സേവനം ചെയ്യാൻ അവസരം ഒരുക്കണമെന്ന് കേരള ഗവ. നഴ്സസ് അസോസിയേഷൻ കണ്ണൂർ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. കൊൽക്കത്ത സംഭവത്തിലെ കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും സമ്മേളനം അവശ്യപ്പെട്ടു.

ജില്ല പ്രസിഡന്റായി PR സീനയെയും സെക്രട്ടറിയായി KV പുഷ്പജയെയും സമ്മേളനം തിരഞ്ഞെടുത്തു.

✪✪✪

വയനാട് മുള്ളൻകൊല്ലി ശശിമലയിലെ ഖനനപ്രവർത്തനങ്ങൾ നിർത്തിവെക്കണമെന്ന ആവശ്യത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജില്ലാ കലക്ടറിൽ നിന്ന് അടിയന്തര റിപ്പോർട്ട് ആവശ്യപ്പെട്ടു. പരിസ്ഥിതി പ്രാധാന്യമേറിയ ശശിമലയിലെ ഖനനം നിരോധിക്കണമെന്ന് ആവശ്യപ്പെട്ട്

പനമരം ബ്ലോക്ക് പഞ്ചായത്ത് അംഗം PD സജി നൽകിയ പരാതിയിലാണ് നടപടി. ഈ മാസം 11ന് ബത്തേരിയിലെ സിറ്റിംഗിൽ വിഷയം പരിഗണിക്കും.

✪✪✪

കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിൽ മേഖലകൾ സ്ത്രീകൾക്കായി മാറ്റിവയ്ക്കണമെന്ന കാഴ്ചപ്പാട് മാറണമെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ P സതീദേവി പറഞ്ഞു. കോഴിക്കോട് കടലുണ്ടിയിൽ വനിതാ കമ്മിഷൻ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

✪✪✪

പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായി V G വിനോദ് കുമാർ ചുമതലയേറ്റു. അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലം മാറ്റിയ സുജിത് ദാസിന് പകരമാണ് നിയമനം.

✪✪✪